**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7624 — 15.07.2014 ൽ മറുപടിയ്ക്ക്

## ഖനന നിയന്ത്രണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | പാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ മണൽ, പാറ എന്നിവയുടെ ഖനനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനാൽ നിർമ്മാണ മേഖലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഇത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) നദികളിൽ നിന്ന് മണൽ വാരുന്നതിന് CWRDM, NCESS എന്നിവ തയ്യാറാക്കിയ സാന്റ് ആഡിറ്റ് റിപ്പോർട്ട് ഉപയോഗപ്പെടുത്തി, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ (SEIAA) നിന്ന് ആയതിനുള്ള അനുമതി നേടിയെടുക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്വാറി, മണൽ, മണ്ണ് എന്നിവയുടെ പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമയ ബന്ധിതമായി തീരുമാനമെടുക്കാൻ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറോടും ആവശ്യ പ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ മണൽ, പാറ എന്നിവയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് alternative |

technology കൾ അവലംബിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തു ന്നതിന്റെ ഭാഗമായി Centre Building Research Institute (CBRI), പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ അംഗീ കരിച്ചതും നിർമ്മിതി കേന്ദ്രങ്ങൾ പ്രചരി പ്പിക്കുന്നതുമായ മണ്ണുകൊണ്ടുള്ള ഇഷ്ടികകൾ, വേസ്റ്റിൽ നിന്നും തള്ളുന്ന അസംസ്കൃത പദാർഥങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചെടുക്കുന്ന rubble filler block -കൾ എന്നിവ ഉപയോഗിക്കുന്നത് കൂടുതൽ പ്രചരിപ്പിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം മാതൃകാ പ്രവർത്തനം നടത്തുന്നതാണ്.

(സി) നിർമ്മാണമേഖലയ്ക്ക് ഉപയുക്തമായ മറ്റ് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനു പഠനമെന്തെങ്കിലും നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

(സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ലാറിബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹബിറ്റാറ്റ്സ് എന്ന ഗവേഷണ സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ